DESPATCHED
on 23/06/2020
5/3/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic@kerala.nic.in**

ഹർജി നമ്പർ **AP. 557*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1209**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഡി.സുരേഷ് കുമാർ,
പയ്യംപള്ളിൽ ദേവീകൃപ,
പുല്ലമ്പട, പള്ളിപ്പാട് പി.ഒ.,
ഹരിപ്പാട്, ആലപ്പുഴ – 690 512. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജി.ജി.എച്ച്.എസ്സ്.എസ്സ്.,
ഹരിപ്പാട്.

2. അപ്പീൽ അധികാരി&
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ആലപ്പുഴ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.01.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.01.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 25.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.10.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഡി.സുരേഷ് കുമാർ,

23.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 25.01.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.557(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി പൂർണ്ണമല്ലായിരുന്നുവെന്നും അപ്പീൽ അധികാരിയുടെ വിലാസം നൽകിയില്ലെന്നും ആകയാൽ ബന്ധപ്പെട്ട എസ്.പി.ഐ.ഒ.യ്ക്ക്തന്നെ അപ്പീൽ നൽകിയെന്നും ടിയാന്റെ അപ്പീൽ സ്വീകരിച്ച് ഏതാനും ദിവസങ്ങൾക്കുശേഷം നേരിട്ട് അപ്പീൽ അധികാരിയ്ക്ക് നൽകണമെന്നാവശ്യപ്പെട്ട് അപ്പീൽ തിരിച്ചയച്ചുവെന്നും ആയത് തെറ്റായ നടപടിയാണെന്നും ആകയാൽ കമ്മീഷൻ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനുള്ള നിർദ്ദേശം ഒന്നാം എതിർകക്ഷിയ്ക്ക് നൽകണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 29.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഹരിപ്പാട് ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗത്തിൽ 2014 ജനുവരി മുതൽ 2018 നവംബർ 29 വരെ എത്ര സ്ഥിരം ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും തസ്തികയുടെ പേര്, ഒഴിവുകളുടെ എണ്ണം എന്നിവ നൽകണമെന്നും ടി ഒഴിവുകളിൽ ചോദ്യം ഒന്നിൽ പറഞ്ഞ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആരെങ്കിലും ജോലി ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിലാണെന്നും കാലയളവ് എന്നാണെന്നും തുടങ്ങി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 26.12.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 10.01.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 15.01.2019ന് നൽകിയ മറുപടിയിൽ ടിയാന്റെ അപ്പീൽ ഹർജി ആലപ്പുഴ ഡി.ഇ.ഒ. ഓഫീസിൽ നേരിട്ട് സമർപ്പിക്കണമെന്നും ടി നിർദ്ദേശം ഹർജിക്കാരനെ അറിയിക്കുന്നതിനായി ടിയാന്റെ അപേക്ഷ മടക്കി അയയ്ക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ 29.11.2018ലെ അപേക്ഷ

യിലെ 4–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചതെന്നും ടിയാന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ഒന്നാം എതിർകക്ഷിയ്ക്കാണ് അപ്പീൽ നൽകിയതെന്നും ടി അപ്പീൽ ഹർജി രണ്ടാം എതിർകക്ഷിയ്ക്ക് കൈമാറ്റം ചെയ്യാതെ ടിയാന് അയച്ചുകൊടുക്കുകയാണ് ചെയ്തതെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാനെ നേരിട്ട് കണ്ട് ഡി.ഇ.ഒ. ഓഫീസിൽ അപ്പീൽ നൽകണമെന്ന് അറിയിച്ചിരുന്നുവെന്നും ആയതിനാലാണ് അപേക്ഷ തിരിച്ചയച്ചു നൽകിയതെന്നും രജിസ്റ്റേർഡായാണ് അയച്ചുകൊടുത്തതെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ഹൈസ്കൂളിന്റെയും ഹയർ സെക്കന്ററിയുടെയും വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിൽ ഹൈസ്കൂളിന്റെ വിവരം മാത്രമാണ് നൽകിയതായി കാണുന്നതെന്നും ഹയർ സെക്കന്ററിയുടെ വിവരങ്ങൾ നൽകാൻ ടിയാന്റെ അപേക്ഷ ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് കൈമാറണമായിരുന്നുവെന്നും ആയത് ഒന്നാം എതിർകക്ഷി ചെയ്തിട്ടില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. മാത്രമല്ല അപ്പീൽ അധികാരിയുടെ വിവരങ്ങൾ ടിയാന് നൽകിയില്ല എന്നുള്ളതും വിവരാവകാശ നിയമപ്രകാരം ഗുരുതര വീഴ്ചയാണ്. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. അപ്പീൽ ഹർജിക്കാരന് ഒരാഴ്ചയ്ക്കകം നിലവിലെ എസ്.പി.ഐ.ഒ. പൂർണ്ണമായ വിവരങ്ങൾ നൽകി ടി വിവരം കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട തുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 05–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM